LIBRARY ARCHIVES Kerala Legislative Assembly

കാര്യംകോട് പുഴയിലെ തടയണ നിർമ്മാണം

213 (902) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിമല നാവൽ അക്കാഡമി, സി.ആർ.പി.എഫ്. ക്യാമ്പ്, പെരിങ്ങോം എന്നിവിടങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്ന കാക്കടവിൽ കാര്യംകോട് പുഴയ്ക്ക് പാലായി വളവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന്റെ നടപടി നിലവിൽ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

കാര്യങ്കോട് പുഴയിൽ പാലായി വളവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ അംഗീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡ് RIDF-XXI-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ലഭിച്ചാലുടൻതന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

214 (903) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഏതെങ്കിലും ഉന്നതതല സാങ്കേതികവിദഗ്ദർ പ്രസ്തുത പദ്ധതി അടുത്ത കാലത്ത് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ, ഇത് ആരുടെ നിർദ്ദേശ പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്ക് നാളിതുവരെയായി സർക്കാർ ഖജനാവിൽനിന്ന് എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മേൽ കുടിവെള്ള പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ മേൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നിർത്തിവച്ചിട്ടുണ്ട്. സൈറ്റ് കണ്ടീഷനിലുണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടതു് അനിവാര്യമായി വന്നു. ഇതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടി വന്നതുമൂലം പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നു.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ കൂടാതെ വിജിലൻസ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്. ചില പരാതികളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിട്ടുള്ളത്.

(സി) ഈ പദ്ധതിക്കായി നാളിതുവരെ 438.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാറുകാരന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരന് 160.81 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇല്ല. മേൽ പദ്ധതി കുടിവെള്ളത്തിനും ഉപയുക്തമാകുന്ന ചെറുകിട ജലസേചന പദ്ധതിയാണ്. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പണി പുനഃരാരംഭിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

215 (904) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതിക്ക് കീഴിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായ കുളിമാട് പമ്പിംഗ് സ്റ്റേഷൻ നിൽക്കുന്ന ചാത്തമംഗലം പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചാത്തമംഗലം പഞ്ചായത്തിന്റെ ശുദ്ധജല വിതരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ വാട്ടർ അതോറിറ്റിക്ക് പദ്ധതിയുണ്ടോ ;

(ഡി) കുളിമാട് കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് കിണർ ചരിഞ്ഞുപോയതുമൂലം മുടങ്ങിപ്പോയ പദ്ധതി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly